# സത്യമിത്രം

ദ്വൈമാസിക

**ഒരു മജ്‌ലിസ് അൻസാറുല്ലാഹ് പ്രസിദ്ധീകരണം**

## അമീറുൽ മുഅ്മിനീന്റെ
## കേരള സന്ദർശന സ്പെഷൽ പതിപ്പ്
## 2008 നവംബർ–ഡിസംബർ

---

*എഡിറ്റർ ഇൻ ചാർജ്:*
എം. നാസിർ അഹ്മദ്

*മാനേജർ:*
എം. മുഹമ്മദ് സലിം

**SATHYAMITHRAM**
**ANSARULLAH PUBLICATION**

Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur- 17.
Ph: 0497- 2761010, 2761020

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

**ആമുഖം**

# കേരള ഇസ്‌ലാമിക ചരിത്രത്തിലൊരു നാഴികക്കല്ല്

**2008** നവംബർ മാസം കേരള മുസ്‌ലിംകൾക്ക് ഒരു അനുഗൃഹീത ദിവസം സമ്മാനിച്ചാണ് കടന്നുപോയത്. ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ഒരു ഖലീഫ അന്ന് കേരളത്തിലെത്തുകയുണ്ടായി. ഇസ്‌ലാമിക ചരിത്രത്തിൽ നേരത്തേതന്നെ സ്ഥാനം നേടിയ ഒരു പ്രദേശമാണ് കേരളം. ഇസ്‌ലാമിന്റെ നവോത്ഥാന രൂപമായ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും കേരളത്തിന് നല്ലൊരു സ്ഥാനമുണ്ട്.

ഖിലാഫത്തിനോട് കൂറും ബഹുമാനവും കാണിച്ച ചരിത്രമാണ് കേരള മുസ്‌ലിംകൾക്കുള്ളത്. അതുകൊണ്ടാണ് തുർക്കി ഖിലാഫത്ത് അവസാനിച്ചപ്പോൾ ഖിലാഫത്ത് പുനഃസ്ഥാപനത്തിന്നായി പോരാടാൻ അവർ തയ്യാറായതുതന്നെ. പക്ഷേ, അത് ഇസ്‌ലാമിക മാർഗ്ഗമായിരുന്നില്ലായെന്നു മാത്രം. ഇസ്‌ലാമിനോടും ഇസ്‌ലാമിക ഖിലാഫത്തിനോടും ഇത്തരത്തിൽ അടുപ്പം കാണിക്കുന്നതിനാലാണ് 1950-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ മുസ്‌ലീഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) കോഴിക്കോടുവെച്ചു നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന സമ്മേളനത്തിൽ ഇപ്രകാരം സന്ദേശമയച്ചത്. അദ്ദേഹം ആഹ്വാനം ചെയ്തു: “Muslims of Malabar, raise the banner of Islam in India” മലബാറിലെ മുസ്‌ലിംകളെ നിങ്ങൾ ഇസ്‌ലാമിന്റെ ബാനർ ഇന്ത്യയിലുയർത്തൂ.”

കേരളത്തിലെ അഹ്മദികളും തങ്ങളുടെ ആത്മീയനേതാവ് ഇവിടെയെത്തിച്ചേരാൻ ഏറെക്കാലമായി ആഗ്രഹിക്കുകയായിരുന്നു. അതാണ് അവർക്ക് അല്ലാഹു സഫലമാക്കിക്കൊടുത്തത്. അമീറുൽ മുഅ്മിനീൻ കേരളത്തിലെ മുഴുവൻ അഹ്മദികളുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഇതിലൂടെ കേരളത്തേയും കേരളത്തിലെ ജനങ്ങളേയും കുറിച്ചുള്ള വ്യക്തമായ ധാരണ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടെന്നത് തീർച്ചയാണ്. അതദ്ദേഹം തന്റെ തുടർന്നുള്ള രണ്ട് ജുമുഅ ഖുത്ബകളിൽ പറഞ്ഞുകഴിഞ്ഞിട്ടുമുണ്ട്. കേരളം ഇസ്‌ലാമിന്റെ യഥാർത്ഥ മൂല്യങ്ങൾ ഉൾക്കൊള്ളാനുതകുന്ന മണ്ണാണെന്ന് തിരുമനസ്സ് കാണുന്നു.

മുഹമ്മദീ മസീഹിന്റെ അനുയായികളെ സമൃദ്ധമായി വിളയിക്കാൻ പാകത്തിലുള്ള വളക്കൂറുള്ള മണ്ണാണ് കേരളം എന്നദ്ദേഹം പറയുകയുണ്ടായി. അതിന് കഠിനമായി, ഊർജ്ജസ്വലതയോടെ ഈ പാടത്തിലേക്കിറങ്ങേണ്ടതുണ്ട്. കേരളത്തിലെ മധ്യവർഗ്ഗത്തെ കൂടുതലായി പിൻതുടരാൻ നമുക്കായാൽ തിരുമനസ്സിന്റെ വാക്കുകൾക്ക് അർത്ഥം നൽകാൻ നമുക്കായെന്ന് ആശ്വസിക്കാം.

ഖലീഫത്തുൽ മസീഹിന്റെ കേരള സന്ദർശനം പരസ്യമായല്ലെങ്കിലും ഇതര മുസ്‌ലിം സമൂഹം സസൂക്ഷ്മം നിരീക്ഷിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഖലീഫയുടെ പ്രഭാവം തീർച്ചയായും അവരുടെ മനസ്സുകളെ ഇളക്കിയിട്ടുമുണ്ട്. ആ ഇളക്കത്തിന് ആക്കം കൂടിയാൽ കേരളം മുഹമ്മദീ മസീഹിന്റെ അനുയായികളാൽ നിറയും. അതോടെ ഭീകരവാദവും അസമാധാനവും അസ്തമിക്കുകയും ചെയ്യും. ശാന്തിയുടെ ഉദയത്തിന്നായി ഇത്തരുണത്തിൽ നമുക്ക് പ്രവർത്തിക്കാം; പ്രാർത്ഥിക്കുകയും ചെയ്യാം.

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)*

# അല്ലാഹുവുമായി സംശുദ്ധമായ ബന്ധം സ്ഥാപിക്കുക

*(28.11.2008 - ന് അമീറുൽ മുഅ്മിനീൻ കേരളത്തിൽ ചെയ്ത ഖുത്വ്ബ)*

അൽഹംദുലില്ലാഹ്, ഇന്ന് ഇന്ത്യയിലെ ഈ പ്രദേശത്ത് വരാൻ അല്ലാഹു എനിക്ക് തൗഫീഖ് നൽകിയിരിക്കുകയാണ്. 2005-ൽ ഞാൻ ഖാദിയാനിൽ വന്നപ്പോൾ കേരളത്തിലെ ആത്മാർത്ഥരായ ചിലർ എന്നോട് കേരളത്തിലേക്ക് വരണമെന്ന് നിർബന്ധിച്ചിരുന്നു. എന്നാൽ, പെട്ടെന്ന് ഒരു പരിപാടി ആസൂത്രണം ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യമാണ് അന്നുണ്ടായിരുന്നത്. ഇൻശാഅല്ലാഹ് ഭാവിയിൽ ഞാൻ വരാൻ ശ്രമിക്കുന്നതാണെന്ന് അപ്പോൾ അവരോട് പറഞ്ഞിരുന്നു. അല്ലാഹു തന്റെ അതിരറ്റ കൃപാകടാക്ഷത്താൽ ഇന്ന് അക്കാര്യം പൂർത്തിയാക്കാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. ഒരു കാര്യം നേരിൽ കണ്ട് മനസ്സിലാക്കാത്തിടത്തോളംകാലം അതിനെ കുറിച്ച് എന്തുതന്നെ കേട്ടറിവ് ലഭിച്ചാലും അതിനെ പൂർണ്ണമായും ഉൾക്കൊള്ളാൻ സാധിക്കില്ല എന്നത് ഒരു പരമാർത്ഥമാണ്. എനിക്കിവിടെ വന്ന് നിങ്ങളെ നേരിട്ട് കാണാനും നിങ്ങളുടെ ആത്മാർത്ഥതയും കൂറും നേരിൽ കണ്ട് മനസ്സിലാക്കാനുമുള്ള തൗഫീഖ് നൽകിയതിന് അല്ലാഹുവിന് ഞാൻ വീണ്ടും വീണ്ടും നന്ദി രേഖപ്പെടുത്തുകയാണ്. ഈ സംസ്ഥാനത്തുള്ള, ഈ നാട്ടിലുള്ള വ്യക്തികളെ എനിക്ക് ഖാദിയാനിലും ലണ്ടനിലും വെച്ച് കാണാൻ സാധിച്ചിട്ടുണ്ട്. അവരെയെല്ലാം ആത്മാർത്ഥതയിലും കൂറിലും നിറഞ്ഞിരിക്കുന്നവരായാണ് എനിക്ക് അനുഭവപ്പെട്ടത്. എന്നാൽ, ഇവിടെ വന്ന് ജമാഅത്തംഗങ്ങളെ കണ്ട് ഇവിടെയുള്ള പുരുഷന്മാരേയും യുവാക്കളേയും നേരിൽ കാണുകയും അവരുടെ ആത്മാർത്ഥതയുടേയും കൂറിന്റേയും ഉന്നതനിലവാരം ദർശിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എത്രമാത്രമാണെന്ന് അനുഭവിച്ചറിയാൻ സാധിച്ചു. ഇത് നിങ്ങളെ നേരിൽ കണ്ടില്ലായിരുന്നെങ്കിൽ ഒരിക്കലും അറിയാൻ കഴിയുമായിരുന്നില്ല.

ഞങ്ങളുടെ കൂടെയുള്ളവരിൽ ചിലർ പറഞ്ഞത് ഇവരിൽ ഇന്തോനേഷ്യൻ അഹ്മദികളിൽ കാണുന്നതുപോലുള്ള അച്ചടക്കവും ആത്മാർത്ഥതയും ഉണ്ടെന്നാണ്. ചിലർ പറഞ്ഞത് ആഫ്രിക്കക്കാരുടേതുപോലുള്ള ആത്മാർത്ഥത കാണുന്നു എന്നാണ്. ആഫ്രിക്കക്കാരുടെ സ്നേഹപ്രകടനത്തിൽ അല്പം ആവേശം പ്രകടമായി കാണാൻ സാധിക്കുന്നതാണ് എന്നത് ശരിതന്നെ. എനിക്ക് പറയാനുള്ളത് ലോകത്ത് ഏത് കോണിൽ വസിക്കുന്ന അഹ്മദിയായാലും അവരുടെ ആത്മാർത്ഥതയും കൂറും ഉദാഹരിക്കാൻ പറ്റാത്ത രീതിയയിൽ വ്യത്യസ്തമാണ്. ഓരോരുത്തരും അത് പ്രകടിപ്പിക്കുന്ന രീതി വ്യത്യസ്തമായിരിക്കും. ഇന്ത്യയിലെ ഈ പ്രദേശവാസികൾക്ക് അവരുടെ ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കുന്നതിന് തനതായ ഒരു ശൈലിയുണ്ട്. ഈ പ്രദേശം ഖാദിയാനിൽ നിന്നും ആയിരക്കണക്കിന് മൈലുകൾ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. മാത്രമല്ല ഈ പ്രദേശവാസികളിൽ വലിയ ഒരളവോളം ആളുകളും കാലത്തിന്റെ ഖലീഫയുമായി നേരിൽ കാണുന്നത് ഇത് ആദ്യമായിട്ടായിരിക്കും. എന്നാൽ, മുതിർന്നവരുടേയും യുവാക്കളുടെയും കുട്ടികളുടേയും കണ്ണുകളിൽ നിശബ്ദമായ ആവേശത്തള്ളിച്ചയും ചിരപരിചയവും എനിക്ക് ദർശിക്കാൻ സാധിച്ചു. ഈ വികാരങ്ങൾ പ്രകടമാക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം സ്ഥാപിതമായ ഖിലാഫത്ത് സംവിധാനത്തോടുള്ള നമ്മുടെ സ്നേഹവും കൂറും ലോകത്തുള്ള ഒരു ശക്തിക്കും ഇല്ലാതാക്കാൻ സാധ്യമല്ലെന്ന് തെളിയിക്കുന്നു.

ഈ വികാരപ്രകടനങ്ങൾ കണ്ടിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ വരിഷ്ഠദാസനും അല്ലാഹുവിനാൽ അയക്കപ്പെട്ട വ്യക്തിയുമാണെന്നതിൽ മറ്റ് മുസ്‌ലിംകൾ ഇപ്പോഴും സംശയത്തിലാണെന്നത് ആശ്ചര്യജനകംതന്നെ. ജമാഅത്തിന്റെ ഈ വലിയ പള്ളി പട്ടണമദ്ധ്യത്തിലാണ്. വന്നുംപോയും കൊണ്ടിരിക്കുന്നവർ അഹ്മദികളുടെ സക്രിയപ്രവർത്തനങ്ങളും മുഖപ്രസരിപ്പും ഖിലാഫത്തിനോടുള്ള അവരുടെ അതിയായ സ്നേഹപ്രകടനവും കണ്ടുകൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുവാനുള്ള പാശമാണ് ഈ ഖിലാഫത്ത് എന്ന തിരിച്ചറിവാണ് അവർ ഈ കാണിക്കുന്ന സ്നേഹപ്രകടനങ്ങൾക്ക് നിദാനം. ഈ പാശം പിടിച്ചാൽ മാത്രമേ നമുക്ക് മുന്നോട്ടു കുതിക്കാനും നമ്മുടെ ജീവിതലക്ഷ്യം കരഗതമാക്കുവാനും സാധിക്കുകയുള്ളൂ എന്നും അവർക്കറിയാം.

എന്താണ് നമ്മുടെ ജീവിതലക്ഷ്യം? ദൈവപ്രീതി കരഗതമാക്കുക എന്നതാണത്. ദൈവപ്രീതി കരഗതമാകുന്നത് എളുപ്പമാക്കാനുള്ള പ്രവർത്തനങ്ങളിൽ മരണംവരെ നിരതരാകുകയും അല്ലാഹുവിന്റേയും അവന്റെ റസൂൽ(സ)ന്റേയും യഥാർത്ഥ അനുസാരി

കളിൽ ഉൾപ്പെടുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടുപോകുകയും തിരുനബി(സ)ന്റെ യഥാർത്ഥപ്രേമി, കാലത്തിന്റെ നേതാവായ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഉയർത്തിക്കൊണ്ടുപോകാൻ ഉദ്ദേശിച്ച ഉന്നതസ്ഥാനം കരസ്ഥമാക്കുന്നതിനുള്ള പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ് നമ്മുടെ ജീവിതലക്ഷ്യം.

ഞാൻ കണ്ടിരിക്കുന്ന വികാരപ്രകടനം നിലനിർത്തേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാണ്. ഇവിടെയുള്ള അഹ്മദികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം കാരണമായി അദ്ദേഹത്തിന്റെ ഖിലാഫത്ത് സംവിധാനത്തോട് നിഷ്കളങ്കവും ആത്മാർത്ഥവുമായ ബന്ധമാണുള്ളത്. ഇത് നിലനിർത്തേണമെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയാണ് നമ്മുടെ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യമെന്ന കാര്യം നാം എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. തിരുനബി(സ)യെ പിൻപറ്റുകയും ആ മഹാത്മാവിനെ അനുസരിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ പ്രവർത്തനത്തിന്റെ കാതലായ വശം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നുകൊണ്ട് ആ മഹാത്മാവ് നമ്മിൽ ഉണ്ടാക്കാൻ ഉദ്ദേശിച്ച ഉന്നതസ്ഥാനം കരസ്ഥമാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അതിനുള്ള പരിശ്രമമില്ലെങ്കിൽ ഖിലാഫത്തിനെ പുകഴ്ത്തിക്കൊണ്ടുള്ള ഈരടികൾ ചൊല്ലുന്നതും സംഘഗാനം ആലപിക്കുന്നതും എല്ലാം നിരർത്ഥകമായിരിക്കും.

ജനങ്ങൾ ഭൗതികനേതാക്കന്മാരോടും സ്നേഹപ്രകടനവും ആത്മബന്ധവും വെച്ചുപുലർത്താറുണ്ട്. ഭൗതികാവശ്യങ്ങൾക്കായി ത്യാഗങ്ങൾ വരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ, ദൈവപ്രീതിക്കായും അല്ലാഹുവിന്റെ പ്രവാചകനെ അനുസരിക്കുന്നതിനായും ത്യാഗങ്ങൾ ചെയ്യുന്നവർ എത്രപേരുണ്ട്! ഇവിടെ ബാഹ്യമായി ത്യാഗങ്ങൾ ചെയ്യുന്നവരെ നമുക്ക് കാണാൻ സാധിക്കും. എല്ലാം പേരിനുവേണ്ടിയുള്ള ത്യാഗങ്ങളാണ്. ഇവർ ചെയ്യുന്ന ത്യാഗങ്ങളെല്ലാം അല്ലാഹുവിന്റേയും അവന്റെ റസൂൽ(സ)ന്റേയും അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിൽനിന്ന് മാർഗ്ഗദർശനം സിദ്ധിച്ച ഒരു വഴികാട്ടിയുടെ ആവശ്യമുള്ള പണ്ഡിതന്മാരേയും നേതാക്കന്മാരേയുമാണ് ഇവർ പിൻപറ്റുന്നത്. ദൈവത്തിൽനിന്നും മാർഗ്ഗദർശനം സിദ്ധിച്ച ഒരേയൊരു വ്യക്തി ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ്. അതിനാൽ യഥാർത്ഥ ത്യാഗത്തെ തിരിച്ചറിയുവാനും അത് കരസ്ഥമാക്കുവാനുമുള്ള മാർഗ്ഗം നിർണ്ണയിക്കുവാനും അഹ്മദികൾക്കു മാത്രമേ സാധിക്കുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആന്റേയും തിരുസുന്നത്തുകളുടേയും വെളിച്ചത്തിൽ നമുക്ക് നൽകിയിരിക്കുന്ന അറിവ് ഓരോ അഹ്മദിയും മനസ്സിലാക്കുകയും അതിൽ നിലനിൽക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ നാം യഥാർത്ഥ അർത്ഥത്തിൽ ഒരു അഹ്മദിയാണെന്നു പറയാൻ അർഹനായിത്തീരുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽനിന്നും ആഗ്രഹിക്കുന്നതെന്താണ്? ആ മഹാത്മാവ് ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു:

ഓർക്കുക, ശുദ്ധവും പവിത്രവുമായ സ്വഭാവം സ്വാത്തികരുടെ മുഅ്ജിസത്താകുന്നു. അതിൽ മറ്റാരും പങ്കാളികളാകില്ല. കാരണം അല്ലാഹുവിൽ ലയിക്കാത്തവർക്ക് മുകളിൽനിന്ന് ശക്തി ലഭിക്കുന്നതല്ല. ആയതിനാൽ അവർക്ക് പരിശുദ്ധസ്വഭാവം കരസ്ഥമാക്കാനും സാധ്യമല്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ദൈവവുമായി സ്വച്ഛമായ ബന്ധം സ്ഥാപിക്കുക. പരിഹാസം, പുച്ഛഭാവം, വൈരം, മോശമായ സംസാരം, അത്യാഗ്രഹം, കളവ്, ദുർനടപ്പ്, ദുർന്നോട്ടം, ദുർവിചാരം, ഭൗതികലോകത്തോടുള്ള പ്രേമം, അഹങ്കാരം, പൊങ്ങച്ചം, തന്നിഷ്ടം, ഉപദ്രവിക്കൽ, കുതർക്കം എന്നിവയെല്ലാം ഉപേക്ഷിക്കുക. അങ്ങനെയാണെങ്കിൽ എല്ലാം നിങ്ങൾക്ക് ആകാശത്തുനിന്ന് ലഭിക്കുന്നതാണ്. (അതായത് സ്വാതികരുടെ എല്ലാ ഗുണങ്ങളും ആകാശത്തുനിന്ന് നിങ്ങൾക്ക് ലഭിക്കുന്നതാണ്) മുകളിലുള്ള ശക്തി നിങ്ങളെ മുകളിലേക്ക് വലിച്ചുകൊണ്ടു പോകാത്തിടത്തോളം കാലം ആ ശക്തി നിങ്ങളുടെ കൂടെയില്ലാത്തിടത്തോളം കാലം ജീവൻ പ്രദാനം ചെയ്യുന്ന റൂഹുൽ ഖുദ്സ് നിങ്ങളിൽ പ്രവേശിക്കാത്തിടത്തോളം കാലം നിങ്ങൾ ബലഹീനരും അന്ധകാരത്തിൽ അകപ്പെട്ടവരുമാണെന്ന് മനസ്സിലാക്കുക. ഈ അവസ്ഥയിൽ നിങ്ങൾക്ക് പ്രയാസത്തെ നേരിടാനോ പ്രതാപത്തിലും സമ്പന്നതയിലും അഹങ്കാരത്തിൽനിന്നും പൊങ്ങച്ചത്തിൽനിന്നും രക്ഷപ്പെടാനോ സാധ്യമല്ല..........

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയിരിക്കുന്ന ഉന്നത ലക്ഷ്യസ്ഥാനമാണിത്. മനുഷ്യൻ ബലഹീനനാണ്. ജീവിതത്തിൽ ഉയർച്ചയും താഴ്ചയുമുണ്ടായിക്കൊണ്ടിരിക്കും. അതിനാൽ ഈ ഉന്നതസ്ഥാനം കരസ്ഥമാക്കുന്നതിന്നായി ഒരു അഹ്മദിക്ക് നിരന്തരമായ പരിശ്രമം അനിവാര്യമാണ്. മുകളിലെ ഉദ്ധരണിയിൽ അല്ലാഹുവിന്റെ സഹകരണം കരസ്ഥമാക്കാനും ഉന്നത ധാർമ്മികഗുണം കരസ്ഥമാക്കാനുമുള്ള മാർഗ്ഗങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അത്, അല്ലാഹുവുമായി സംശുദ്ധമായ ബന്ധം സ്ഥാപിക്കുക എന്നതാണ്. ദൈവവുമായി നിഷ്കളങ്കമായ ബന്ധം നമുക്കെങ്ങിനെ സ്ഥാപിക്കാൻ സാധിക്കും? ഇതിന്നായി നാം എപ്പോഴും നമ്മുടെ ജീവിതലക്ഷ്യം മുമ്പിൽ കാണേണ്ടതാണ്. നമ്മുടെ ജീവിതലക്ഷ്യം അല്ലാഹുതആല നമുക്ക് പറഞ്ഞുതന്നിരിക്കുന്നു.

“ഞാൻ ജിന്നുകളേയും മനുഷ്യരേയും എന്നെ

ആരാധിക്കാനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത് (51:57)."

ചുരുക്കത്തിൽ ഇത് വലിയൊരു ലക്ഷ്യമാണ്. പൂർണ്ണമായും അല്ലാഹുവിനെ വഴിപ്പെട്ടുകൊണ്ട് ഈ ലക്ഷ്യം കരസ്ഥമാക്കാൻ നാം പരിശ്രമിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പരാമർശിച്ചിരിക്കുന്ന ദുഃസ്വഭാവത്തെ വർജ്ജിക്കുന്ന കാര്യത്തിൽ നമുക്ക് ശ്രദ്ധയുണ്ടായിരിക്കുന്നതാണ്. അതോടൊപ്പം തന്നെ വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്ന സൽപ്രവൃത്തികൾ ചെയ്യുന്ന കാര്യത്തിലേക്കും നമുക്ക് ശ്രദ്ധയുണ്ടാകും. സമൂഹത്തോടുള്ള ബാധ്യതകൾ നിർവ്വഹിക്കുന്നവരായി നാം മാറുന്നതാണ്. ഈ പ്രവർത്തനങ്ങൾ നമ്മെ അല്ലാഹുവിന്റെ പ്രീതി അധികമായി കരസ്ഥമാക്കുന്നവരാക്കിത്തീർക്കുന്നതാണ്. സൽപ്രവൃത്തികൾ ചെയ്യുകയും ശിർക്കിൽ നിന്നും പൂർണ്ണമായും വിട്ടുനിന്നുകൊണ്ട് ആരാധന നില നിർത്തുകയും ചെയ്യുന്നവർക്കാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ.

അതിനാൽ തിരുനബി(സ) പ്രവചിച്ച ഈ അനുഗ്രഹം നമ്മിൽ നിലനിൽക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മുടെ ജീവിതലക്ഷ്യം ഓർക്കേണ്ടത് വളരെ ആവശ്യമാണ്. അല്ലാഹുതആല നമുക്ക് പറഞ്ഞുതന്ന ആരാധനാ മാർഗ്ഗങ്ങളിൽ, നമുക്ക് പഠിപ്പിച്ചുതന്ന ആരാധനാരീതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് അഞ്ചുനേര നമസ്കാരമാണ്. അതുകൊണ്ട് ഓരോ സ്ത്രീയും പുരുഷനും ചെറിയവരും മുതിർന്നവരും അഞ്ചുനേരത്തെ നമസ്കാരവും സംരക്ഷിക്കുന്നില്ലെങ്കിൽ, പൂർണ്ണമായും അവർ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുന്നവരല്ലെങ്കിൽ നമ്മോട് പറഞ്ഞ രീതിയിൽ സൽപ്രവർത്തനങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നവരോ ആരാധനയോടൊപ്പം കരഗതമാകേണ്ട അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരഗതമാക്കുന്നവരോ ആയി നമുക്ക് മാറാൻ സാധ്യമല്ല എന്ന് നാം മനസ്സിലാക്കണം............

അല്ലാഹുവിൽ വിശ്വസിച്ചശേഷം നമസ്കാരത്തിന്റെ അനുഷ്ഠാനമാണ് തഖ്വ സ്വായത്തമാക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന. ഏതോ ഒരു ഭാരം തലയിൽനിന്നിറക്കിവെച്ച് ഉടനെ ഭൗതിക ഏർപ്പാടുകളിൽ മുഴുകിക്കളയാം എന്നു കരുതി വേഗം വേഗം നമസ്കരിക്കുകയല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. മറിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അല്ലാഹുവിനെ കാണുന്നതുപോലെ നിങ്ങൾ നമസ്കരിക്കണം.

നോക്കുക, നാം ഒരു വലിയ വ്യക്തിത്വത്തിന് മുമ്പിൽ നിൽക്കുമ്പോൾ ഉള്ളിൽ ഒരു ഭയം ഉണ്ടാകും. അല്ലാഹു എല്ലാ അസ്തിത്വങ്ങളുടേയും അധിപനാണ്. അവന്റെ മുമ്പിൽ നിൽക്കുമ്പോൾ അവനെ കാണുന്നു എന്ന ചിന്ത നമുക്കുണ്ടാകുകയാണെങ്കിൽ എന്തുമാത്രം ഭയത്തിന്റെ ഒരവസ്ഥയായിരിക്കും നമുക്കുണ്ടാകുക. ഈ ഒരവസ്ഥാവിശേഷമാണ് നമ്മെ യഥാർത്ഥ ഭക്തരാക്കി മാറ്റുക. എല്ലാവരിലും ഒരു നിമിഷംകൊണ്ട് ഈ ഒരവസ്ഥ ഉണ്ടാക്കാൻ സാധ്യമല്ലാത്തതുകൊണ്ടാണ് തിരുനബി(സ) ഇപ്രകാരം പറഞ്ഞത്. 'നിങ്ങൾക്ക് നമസ്കരിക്കുമ്പോൾ അല്ലാഹുവിനെ കാണുന്നുണ്ട് എന്ന ആ അവസ്ഥ കരസ്ഥമാക്കാൻ സാധിക്കുന്നില്ലെങ്കിൽ ചുരുങ്ങിയപക്ഷം അല്ലാഹു നമ്മെ കാണുന്നുണ്ടെന്ന ചിന്തയെങ്കിലും നിങ്ങളിൽ ഉണ്ടായിരിക്കണം' എന്ന്.

എല്ലാ കഴിവുകളുടേയും ഉടമസ്ഥനാണ് അല്ലാഹു. അവൻ ഹൃദയത്തിലുള്ളതുപോലും അറിയുന്നു. സർവ്വശക്തനായ അല്ലാഹു നമ്മെ കാണുന്നുണ്ടെന്ന ചിന്ത തന്നെ നമ്മെ ആരാധനയിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് കാരണമായിത്തീരുന്നതാണ്. ഇതുമൂലം നിഷ്കപടമായ രീതിയിൽ ആരാധനയിലേക്ക് നമ്മുടെ ശ്രദ്ധ തിരിയും. ഈ ആരാധന അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നതായി തീരുകയും ചെയ്യുന്നതാണ്. ഈ അവസ്ഥയിൽ ഭൗതികാനന്ദത്തിനും ഭൗതിക ഇടപാടുകൾക്കും ഭൗതിക താൽപര്യങ്ങൾക്കും ദ്വിതീയസ്ഥാനം നല്കുന്നതരത്തിൽ നാം നമ്മുടെ നമസ്കാരങ്ങളെ സംരക്ഷിക്കുന്നവരായിത്തീരുന്നതാണ്. ഇവ നമ്മെ 'അബ്നാ ഉസമാഅ്' ആകാശീയ മക്കളാക്കിത്തീർക്കും. ഈ ഒരവസ്ഥ തന്നെയായിരിക്കും നമ്മെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ശരിയായനിലയിൽ ഉൾപ്പെടുന്നവരാക്കിത്തീർക്കുക. ഈ അവസ്ഥ കൈവരിക്കാൻ സാധിച്ചിട്ടില്ലാത്തവർ 'തങ്ങൾക്ക് ഈ അവസ്ഥ കൈവരിക്കാൻ ഇതേവരെ സാധിച്ചിട്ടില്ലെന്നും ഇനി അതൊട്ടുകഴിയുകയില്ലെന്നും തങ്ങൾ ജമാഅത്തിൽനിന്ന് പുറത്തായിപ്പോയെന്നും' കരുതി നിരാശരായിരിക്കാനല്ല ഞാൻ ഇത്രയും പറഞ്ഞു വന്നത്. മറിച്ച് ഈയൊരു ഉത്തമസ്ഥാനം കൈവരിക്കാൻ നാം പ്രയത്നിച്ചുകൊണ്ടിരിക്കേണ്ടതാണ്. മുന്നോട്ടു കുതിക്കുന്ന ഓരോ ജമാഅത്തിനും വലിയ വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കാറുണ്ട്. അങ്ങനെ അവരിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കൃപയും മുമ്പത്തേക്കാളുപരി ഇറങ്ങിക്കൊണ്ടിരിക്കുന്നതാണ്.

അല്ലാഹു പറയുന്നു: "എന്റെ റഹ്മത്ത് എല്ലാറ്റിനേയും വലയം ചെയ്തിരിക്കുന്നു." (7:157).

ചുരുക്കത്തിൽ നാം ഏതൊന്ന് കരസ്ഥമാക്കുന്നുവോ അതെല്ലാം അല്ലാഹുവിന്റെ കൃപകൊണ്ടാണ് കരസ്ഥമാകുന്നത്. നന്മയിൽ മുന്നേറിക്കൊണ്ടിരിക്കാൻ അല്ലാഹു നമ്മോട് കല്പിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ നില കൈവരിക്കാൻ സാധിച്ചിട്ടില്ലാത്തവരും കൈവരിക്കാത്തവരും നിരാശരാകരുത്. നിങ്ങൾ മുന്നോട്ട് ഗമിക്കുക, അല്ലാഹു തന്റെ അനുഗ്രഹങ്ങൾകൊണ്ടും കൃപകൊണ്ടും നിങ്ങളെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്നതാണ്......

അല്ലാഹു കൽപ്പിച്ചിരിക്കുന്ന സൽക്കർമ്മങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ വ്യാപിപ്പിക്കുന്നതിലൂടെ മറ്റുള്ളവരേയും നമ്മിലേക്ക് വലിച്ചടുപ്പിക്കുന്നവരായി നാം മാറുന്നതാണ്. നമ്മുടെ ഈ രീതിയിലുള്ള ആരാധനകൾ കാരണം ദഅ്വത്തെ ഇലല്ലാഹ് (തബ്ലീഗ്) പ്രയത്നങ്ങൾ ഫലപ്രദമായിത്തീരുകയും ചെയ്യും. അല്ലാഹുതആലയുടെ കൃപയാൽ കൂടിക്കാഴ്ചാവേളയിൽ പലരേയും ആത്മാർത്ഥതയിലും സമർപ്പണത്തിലും നിറഞ്ഞിരിക്കുന്നവരായി ഞാൻ കാണുകയുണ്ടായി. അവരെ ദുആ സ്വീകാര്യതയിൽ ഉറച്ചുവിശ്വസിക്കുന്നവരായി എനിക്ക് അനുഭവപ്പെട്ടു. അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസവും അവന്റെ പ്രീതി കരസ്ഥമാക്കുന്നതിനുള്ള അവരുടെ പ്രയത്നങ്ങളും അവരുടെ സംസാരങ്ങളിൽനിന്നും പ്രകടമായിരുന്നു. പല സ്ത്രീകളും പുരുഷന്മാരും, തങ്ങളും തങ്ങളുടെ മക്കളും മതകാര്യങ്ങളിൽ മുൻഗമിക്കുന്ന കാര്യങ്ങൾ പറയുകയുണ്ടായി. അവർക്കായി ദുആക്ക് വേണ്ടി അപേക്ഷിച്ചുകൊണ്ടിരുന്നു. ഈയൊരു കാരണം കൊണ്ടാണ് ഇവർക്ക് ഖിലാഫത്തിനോടും ജമാഅത്തിനോടും സുദൃഢബന്ധം നിലനിർത്താനാകുന്നത്.

അതിനാൽ ഈ ബന്ധത്തേയും ഈ ആവേശത്തേയും നിങ്ങൾ ഒരിക്കലും മരിക്കാൻ അനുവദിക്കരുത്. എന്ന് മാത്രമല്ല അതിൽ നിത്യവും വർദ്ധനവുണ്ടാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിന്നായി ഞാൻ പറഞ്ഞതുപോലെ ഏകനായ അല്ലാഹുവിനെ ആരാധിക്കുകയും സൽപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യേണ്ടത് ഒരു വിശ്വാസിക്ക് അനുപേക്ഷണീയമാണെന്ന അല്ലാഹുവിന്റെ കല്പനയെ എപ്പോഴും ഓർമ്മവയ്ക്കുക.

എല്ലാവിധ ഗോപ്യമായ ശിർക്കിൽനിന്നും സ്വയം രക്ഷപ്പെടുക. ഇവിടെ നിങ്ങൾ വിവിധ മതവിഭാഗക്കാരുമായി ബന്ധപ്പെട്ടു ജീവിക്കുന്നു. അതുകാരണം പരസ്പരം ഒന്നിച്ചു പ്രവർത്തിക്കുന്നതുകൊണ്ട് ചില ബിദ്അത്തുകളും തെറ്റായ ആചാരങ്ങളും സ്ഥാനം പിടിച്ചുപോകുന്നു. അതിൽനിന്നെല്ലാം നിങ്ങളെ സംരക്ഷിച്ചുനിർത്തുക. കാരണം ഈ കാര്യങ്ങൾ പിന്നീട് മെല്ലെ മെല്ലെ ശിർക്കിലേക്ക് കൊണ്ടുപോകുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സംസ്ഥാനത്ത് അഹ്മദികളും മറ്റുള്ളവരെപ്പോലെതന്നെ നൂറ് ശതമാനം സാക്ഷരരാണ്. അതിനാൽ ഈ അക്ഷരജ്ഞാനത്തെ നിങ്ങളുടെ മതത്തിന്റെ സംരക്ഷണത്തിന്നായി വിനിയോഗിക്കുക. മതവിദ്യാഭ്യാസം കരസ്ഥമാക്കുന്നതും നിങ്ങളുടെ സുപ്രധാനലക്ഷ്യങ്ങളിൽ ഒന്നായിരിക്കേണ്ടതാണ്. ഇതുമുഖേന സ്വന്തം വിശ്വാസം സംരക്ഷിക്കുന്നതോടൊപ്പം നിങ്ങളുടെ കുട്ടികളെ മതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവരെ സംരക്ഷിക്കുന്നവരായി നിങ്ങൾ മാറുന്നതാണ്. അങ്ങനെ ഭാവിതലമുറയുടെ വിശ്വാസവും ഉന്നതങ്ങളിൽനിന്നും ഉന്നതങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നതാണ്. ഈ മതപരമായ അറിവുമൂലം ദഅ്വത്തെ ഇലല്ലാഹ് പ്രവർത്തനങ്ങളിലും സുപ്രധാന നേട്ടം കൈവരിക്കാൻ നിങ്ങൾക്ക് സാധിക്കുന്നതാണ്.

ഈ പ്രദേശത്ത് ഹിന്ദുക്കളെ കൂടാതെ യഹൂദരും വന്ന് താമസമാക്കിയിട്ടുണ്ട്. അവരെ അന്വേഷിച്ചുകൊണ്ട് യേശുവിന്റെ ഒരു പ്രധാന ഹവാരി ഹദ്റത്ത് തോമ(തോമശ്ലീഹ) ഇവിടെ വന്നിട്ടുണ്ട്. അങ്ങനെ ക്രിസ്തുമതം ഇവിടെ പ്രചരിച്ചു. ഹദ്റത്ത് മാലിക് ബിൻ ദീനാർ(റ) മുഖേനയും അറബ് വാണിജ്യസംഘങ്ങൾ മുഖേനയും ഇസ്ലാമിന്റെ പ്രാരംഭകാലത്തു തന്നെ ഇസ്ലാം ഇവിടെ സ്ഥാപിതമായിട്ടുണ്ടെന്നതും ഇവിടെ പ്രസിദ്ധമാണ്.

ഇപ്പോൾ നിങ്ങൾക്ക് മുഹമ്മദീ മസീഹിനെ സ്വീകരിക്കുവാനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ സന്ദേശത്തെ ഒരു പ്രത്യേക പരിശ്രമത്തിലൂടെയും പ്രയത്നത്തിലൂടെയും മറ്റുള്ളവരിൽ എത്തിക്കുകയും തിരുനബി(സ)യുടെ പതാകക്കുകീഴിൽ ഇവിടത്തെ പ്രദേശവാസികളെ അണിചേർക്കാൻ പരിശ്രമിക്കുകയും ചെയ്യുക. കാരണം ഇന്ന് ലോകത്തിന്റെ യഥാർത്ഥ മോചനം തിരുദൂതർ(സ)യുടെ പതാകക്കുകീഴിൽ ലോകർ വരുന്നതിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഈ കാലത്ത് അല്ലാഹുതആല അയച്ചത് ഈ ഒരു പ്രവർത്തനത്തിനു വേണ്ടിയാണ്.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ലോകത്ത് പ്രചരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന സന്ദേശത്തെ ഒരു പരിശ്രമത്തിലൂടെ പ്രചരിപ്പിക്കുക എന്നതാണ് നമ്മിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യം. ലോകശ്രദ്ധ മുൻപത്തേക്കാളുപരി ഇന്ന് അഹ്മദിയ്യത്തിലേക്ക് തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം മാധ്യമങ്ങൾ മുഖേന നിങ്ങളുടെ പ്രദേശത്തും നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. എതിർപ്പിന്റെ കാര്യത്തിലും കാര്യങ്ങൾ ശ്രവിക്കുന്നതിലും ലോകരുടെ ശ്രദ്ധ അഹ്മദിയ്യത്തിലേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നു. അതിനാൽ നിങ്ങളിൽ ഒരാത്മപരിവർത്തനം വരുത്തി അല്ലാഹുവിനോട് സഹായം അർത്ഥിച്ചുകൊണ്ട് ആദ്യത്തേക്കാളുപരി നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഒരുകാര്യം എപ്പോഴും ഓർമ്മയിൽ വെക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുകയുണ്ടായി: "എനിക്ക് ദുആയുടെ ആയുധമാണ് നൽകപ്പെട്ടിരിക്കുന്നത്." അതുകൊണ്ട് ദുആ ചെയ്യുന്ന കാര്യത്തിൽ നാം വളരെയേറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതായിരിക്കും ഇൻശാഅല്ലാഹ് നമ്മുടെ വിജയത്തിന് നിദാനമായിത്തീരുന്നത്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

*(വിവ: എം. നാസിർ അഹ്മദ്, കൊടിയത്തൂർ)*

ഇബ്നു മുഹമ്മദ്

# അമീറുൽ മുഅ്മിനീന്റെ യുഗപ്രധാനമായ കേരള സന്ദർശനം

**2008** നവംബർ 24. കേരള അഹ്മദിയ്യാ ചരിത്രത്തിലെ അസുലഭവും അവിസ്മരണീയവുമായ ഒരു മുഹൂർത്തം. കേരളം പുളകമണിഞ്ഞ ഒരു നിമിഷമായിരുന്നു അന്ന്. അന്നാണ് ഇസ്‌ലാമിന്റെ പ്രതാപശാലിയായ ഒരു ഖലീഫയുടെ പവിത്രമായ പാദസ്പർശം കൊണ്ട് മലയാളക്കര അനുഗൃഹീതമായത്, അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) കേരളത്തിലെ മുഴുവൻ അഹ്മദികളേയും കോരിത്തരിപ്പിച്ചുകൊണ്ട് മലയാളമണ്ണിൽ കാലുകുത്തിയത്. നബി(സ) തിരുമേനിയുടെ ജീവിതകാലത്തുതന്നെ ഇസ്‌ലാമിക സന്ദേശം എത്തിച്ചേർന്ന കേരളത്തിൽ, വാഗ്ദത്ത മസീഹ്(അ)ന്റെ ജീവിതകാലത്തുതന്നെ ഇസ്‌ലാമിന്റെ പുനരുജ്ജീവനരൂപമായ അഹ്ദിയ്യത്തിന്റെ സന്ദേശം എത്തിച്ചേർന്ന കേരളക്കരയിൽ ഇസ്‌ലാമിന്റെ കാലത്തിന്റെ ഖലീഫയുടെ സന്ദർശനം ചരിത്രത്താളുകളിലെ ഒരു യുഗപ്രധാന സംഭവമായി മാറുകയായിരുന്നു.

അമീറുൽ മുഅ്മിനീന്റെ കേരള സന്ദർശനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഖാദിയാനിൽ നിന്നുള്ള നിർദ്ദേശാനുസരണം ചിട്ടപ്പെടുത്തുന്നതിന്നായി ഒരു കമ്മറ്റി രൂപീകൃതമാവുകയുണ്ടായി. നാസിർ അഅ്ലാ മുഹമ്മദ് ഇനാം ഗോറി സാഹിബ് രൂപീകരിച്ച ഈ കമ്മറ്റിയുടെ ചെയർമാൻ എം.എ. മുഹമ്മദ് സാഹിബും കൺവീനർ വി.ബി. അഹ്മദ് കബീർ സാഹിബുമായിരുന്നു. കെ.എം. അഹ്മദ് സാഹിബ്, പി.പി. നാസിറുദ്ദീൻ സാഹിബ്, ഡോക്ടർ സലാഹുദ്ദീൻ സാഹിബ് എന്നിവരെ അംഗങ്ങളായും നിശ്ചയിച്ചു. ഈ കമ്മറ്റിയാണ് ഖാദിയാനിൽനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി തുടർപ്രവർത്തനങ്ങൾ ഏകോപപ്പിച്ചത്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രമുഖരായ സഹാബിമാർ നേരത്തെതന്നെ കേരളം സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ഹദ്റത്ത് അഹ്മദ് (അ)ന്റെ ജീവിതകാലത്തുതന്നെ വാഗ്ദത്ത മസീഹിന്റെ ശബ്ദം കേരളത്തിലാദ്യമായി നെഞ്ചോടേറ്റുവാങ്ങിയ കണ്ണൂരിലും പഴയങ്ങാടിയിലും കൂടാളിയിലും അവർ മാസങ്ങളോളം തങ്ങിയിട്ടുണ്ട്. മഹാന്മാരായ ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി(റ), ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ), ഹദ്റത്ത് ഹാഫിസ് റോഷൻ അലി സാഹിബ്(റ) തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെടുന്നു. ഇപ്പോൾ ദശകങ്ങൾക്കുശേഷം ഇസ്‌ലാമിന്റെ പ്രഭാവശാലിയായ ഒരു ഖലീഫകൂടി എത്തിച്ചേർന്നതോടെ മലയാളമണ്ണിന് അവാച്യമായ അനുഗ്രഹങ്ങളുടെ നിറക്കൂട്ടുകൾ സമ്മാനിക്കുന്ന മുഹൂർത്തമായി. കേരളത്തിലെ മുഴുവൻ അഹ്മദികളുമായി കൂടിക്കാഴ്ച നടത്തുക എന്ന ഉദ്ദേശ്യമായിരുന്നു അമീറുൽ മുഅ്മിനീന്റെ വരവിനുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ പൊതുപരിപാടികളൊന്നും നേരത്തെ ആസൂത്രണം ചെയ്യപ്പെട്ടിരുന്നില്ല. മാധ്യമങ്ങൾ മുഖേനയുള്ള വിപുലമായ പബ്ലിസിറ്റിയും ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. എന്നാൽ, കാലത്തിന്റെ ഖലീഫയുടെ അനുഗൃഹീത പാദസ്പർശം ഏറ്റുവാങ്ങുന്ന പ്രദേശങ്ങളെല്ലാം ഫലത്തിൽ തബ്‌ലീഗിനുള്ള കളമായി മാറുകയെന്നതാണ് ദൈവവിധി. ഇവിടേയും അതുതന്നെയാണ് സംഭവിച്ചത്. അമീറുൽ മുഅ്മിനീൻ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ കാലുകുത്തിയത് മുതൽ കേരളത്തിലെ ആറു ദിവസത്തെ സന്ദർശനം കഴിഞ്ഞ് കൊച്ചിയിലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽനിന്നും ഡൽഹിയിലേക്ക് വിമാനം കയറുന്നതുവരെയുള്ള സമയം അദ്ദേഹത്തിന്റെ സ്വർഗ്ഗീയ പ്രഭാവവും പ്രതാപവും കണ്ടുനിന്ന ജനങ്ങളിലെല്ലാം അനാദൃശമായ ഒരാകർഷണം സൃഷ്ടിക്കുകതന്നെ ചെയ്തു.

കേരളത്തിലെ ആബാലവൃന്ദം അഹ്മദികളും തങ്ങളുടെ പ്രിയനേതാവിന്റെ, അമീറുൽ മുഅ്മിനീന്റെ തിരുവദനം ദർശിക്കാനും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താനും വേണ്ടി മാസങ്ങൾക്കു മുമ്പുതന്നെ കാത്തിരിപ്പാരംഭിച്ചിരുന്നു. അദ്ദേഹത്തിന്റെ കേരള സന്ദർശന ദിനങ്ങൾ അടുത്തതോടെ അഹ്മദികളുടെ മനസ്സിൽ ആവേശവും ആഹ്ലാദവും അലതല്ലി. സമീപ സംസ്ഥാനങ്ങളിലെ അഹ്മദികളും അമീറുൽ മുഅ്മിനീന്റെ സാന്നിധ്യം കൊതിച്ചും അനുഗൃഹീതവദനം ദർശിക്കാനും കാത്തിരിക്കുകയായിരുന്നു. കേരള മുസ്‌ലിംകളുടെ സാംസ്കാരിക സിരാകേന്ദ്രവും കേരള അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രസ്ഥാനവുമായ കോഴിക്കോട് നഗരം ആരവങ്ങളൊന്നുമില്ലാതെ കാലത്തിന്റെ ഖലീഫയെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളമുള്ള ജമാഅത്തിന്റെ സജീവ പ്രവർത്തകർ മാസങ്ങൾക്കുമുമ്പുതന്നെ കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. പലരും തങ്ങളുടെ ഭൗതികജോലികൾ നീണ്ടനാളുകളോളം മാറ്റിവെച്ച് ഖലീഫയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകളിൽ ആവേശപൂർവ്വം പങ്കുകൊണ്ടു. കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് നിലകൊള്ളുന്ന ബയ്ത്തുൽ ഖുദ്ദൂസ് പള്ളിയും പരിസരവും രാവും

പകലും സജീവമായി. ശബ്ദായമാനമായ കോഴിക്കോട് നഗരത്തിൽ യാതൊരു ബഹളവുമില്ലാതെ നിശ്ശബ്ദമായ ഒരുക്കങ്ങളായിരുന്നു അരങ്ങേറിയത്. ഒടുവിൽ ആ സുദിനം വന്നെത്തി.

**ഖലീഫത്തുൽ മസീഹ് കോഴിക്കോട് നഗരത്തിൽ**

2008 നവംബർ 24-ന് വൈകീട്ട് 7.15-ന് അമീറുൽ മുഅ്മിനീൻ കോഴിക്കോട് വിമാനമിറങ്ങി. ഡൽഹിയിൽ നിന്നും ചെന്നൈ വഴിയാണ് അദ്ദേഹം സഞ്ചരിച്ചത്. തങ്ങളുടെ പ്രിയനേതാവിനെ സ്വീകരിക്കുന്നതിനായി കേരളത്തിന്റെ നാനാഭാഗത്തുമുള്ള അഹ്മദികൾ രാവിലെ മുതൽതന്നെ കോഴിക്കോട് എത്തിച്ചേരാനാരംഭിച്ചിരുന്നു. അഹ്മദികളെക്കൊണ്ട് നഗരത്തിലെ ലോഡ്ജുകൾ നിറഞ്ഞു. കോഴിക്കോട് നഗരം ഏതോ ഒരു മഹാസംഭവത്തിന് സാക്ഷ്യം വഹിക്കാൻ പോകുന്നുവെന്ന് മറ്റുള്ളവർ മനസ്സിലാക്കി. ഉച്ചയോടെ അമീറുൽ മുഅ്മിനീന് സഞ്ചരിക്കേണ്ട വാഹനം കണ്ണൂരിൽനിന്നും കോഴിക്കോട്ടെത്തി.

വൈകീട്ട് 4 മണിയോടെ വിമാനത്താവളത്തിലേക്കു നീങ്ങാനുള്ള നിർദ്ദേശം നൽകപ്പെട്ടു. യാത്രക്ക് മുന്നോടിയായി ബയ്ത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ പ്രാർത്ഥന നടന്നു. തുടർന്ന് വാഹനങ്ങൾ ഒന്നൊന്നായി നീങ്ങിത്തുടങ്ങി. 6 മണിയോടെ വിമാനത്താവളം ജനനിബിഡമായി. ഏതോ ഒരു വി.ഐ.പി വരുന്നു എന്നറിഞ്ഞ അനഹ്മദികൾ- അതിലധികം പേരും ഹജ്ജിനു പോകുന്നവരെ യാത്രയയക്കാൻ വന്ന മുസ്‌ലിംകളായിരുന്നു- ക്ഷമയോടെ കാത്തിരിക്കുന്നത് കാണാമായിരുന്നു.

കേരളത്തിലെ വിവിധ മേഖലാ അമീർമാരായ എം. എ. മുഹമ്മദ് സാഹിബ്, എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, മുഹമ്മദലി മാസ്റ്റർ സാഹിബ്, പ്രൊഫ. അബ്ദുൽ കരീം സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ്, പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ്, അൻസാറുല്ലാ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബ്, കോഴിക്കോട് ജമാഅത്ത് അമീർ കെ.എം. അഹ്മദ് സാഹിബ് എന്നിവർ വിമാനത്താവളത്തിനകത്ത് അമീറുൽ മുഅമിനീനെ സ്വീകരിക്കാനായി എത്തിച്ചേർന്നു. അഹ്മദി പോലീസ് ഉദ്യോഗസ്ഥനായ ഹുസൈൻ സാഹിബും അഡ്വ. ശഹീദ് സാഹിബും ഇവരോടൊപ്പം ഉണ്ടായിരുന്നു. അമീറുൽ മുഅ്മിനീന്റെ സഹധർമ്മിണി സയ്യിദ അമത്തുൽ സബൂഹ് സാഹിബയെ സ്വീകരിക്കുന്നതിന്നായി ലജ്ന സംസ്ഥാന സദർ ബി. താഹിറ സാഹിബയുടെ നേതൃത്വത്തിലുള്ള ഒരു ലജ്ന സംഘവും വിമാനത്താവളത്തിലെത്തിച്ചേർന്നിരുന്നു.

വിമാനത്താവളത്തിന്റെ സ്വീകരണകവാടത്തിന് മുൻവശം അഹ്മദികളും അല്ലാത്തവരുമായവരെക്കൊണ്ട് തിങ്ങിനിറഞ്ഞു. ആൾക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുള്ള ചുമതല ഖുദ്ദാമുൽ അഹ്മദിയ്യാ വളണ്ടിയർമാർ സ്വയം ഏറ്റെടുത്തു. വിമാനത്താവളത്തിന്റെ അധികൃതർക്ക് ഒന്നും ചെയ്യേണ്ടിവന്നില്ല. കാത്തിരിപ്പിനൊടുവിൽ അമീറുൽ മുഅ്മിനീനും പരിവാരവും കയറിയ വിമാനം ഇറങ്ങിയതായി ഡിസ്പ്ലേ ബോർഡിൽ തെളിഞ്ഞു. 7.15-ന് അദ്ദേഹം വിമാനത്തിൽ നിന്നിറങ്ങുകയും വി.ഐ.പി. വാതിലിലൂടെ, വിമാനത്താവള ഉദ്യോഗസ്ഥരുടേയും സെക്യൂരിറ്റി ഓഫീസർമാരുടേയും അകമ്പടിയോടെ പുറത്തുവരികയും ചെയ്തു. പുഞ്ചിരിതൂകുന്ന മുഖത്തോടെ ജനങ്ങളെ കൈവീശി അഭിവാദ്യം ചെയ്തുകൊണ്ടാണ് അമീറുൽ മുഅ്മിനീൻ പുറത്തെത്തിയത്. തങ്ങളുടെ പ്രിയങ്കരനായ നായകന്റെ തിരുവദനം കണ്മുന്നിൽ പ്രത്യക്ഷപ്പെട്ടതോടെ സ്വീകരിക്കാനെത്തിച്ചേർന്ന അഹ്മദികളുടെ മനസ്സ് നിറഞ്ഞു. അവിടെ തടിച്ചുകൂടിയ അനഹ്മദികളാകട്ടെ തങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട പ്രശാന്തവും സ്വർഗ്ഗീയവുമായ ആ വദനത്തെ തങ്ങളുടെ ക്യാമറകളിലും മൊബൈൽ ഫോണുകളിലും പകർത്തുന്നത് കാണാമായിരുന്നു. നാസിർ അഅ്ലാ മുഹമ്മദ് ഇനാം ഗോറി സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ ഇസ്മായീൽ സാഹിബ് താഹിർ, പേഴ്സണൽ സെക്യൂരിറ്റി മേധാവി മേജർ മഹ്മൂദ് സാഹിബ് തുടങ്ങിയവർ ഹുസൂറിനോടൊപ്പം ഉണ്ടായിരുന്നു. ആരവങ്ങളൊന്നുമില്ലാതെ ശാന്തമായ, പക്ഷേ, പ്രൗഢഗംഭീരമായ സ്വീകരണമായിരുന്നു അദ്ദേഹത്തിന് നൽകപ്പെട്ടത്. ബഹളമയമായ നിരവധി സ്വീകരണങ്ങൾ കണ്ട ജനങ്ങൾക്ക് ഈ സ്വീകരണം പുതിയൊരു അനുഭവവും അത്ഭുതവുമായി. പുറത്ത് ഖലീഫ തിരുമനസ്സിനേയും സംഘത്തേയും കാത്ത് ഒരു വാഹനവ്യൂഹംതന്നെ തയ്യാറായി നിൽപുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം സുശക്തമായ പോലീസ് സുരക്ഷാ സംവിധാനം ഒരുക്കിയിരുന്നു. അമീറുൽ മുഅ്മിനീന് വേണ്ടി തയ്യാറാക്കിയ പ്രത്യേക കാറിൽ അദ്ദേഹവും പത്നിയും കയറിയതോടെ വാഹനവ്യൂഹം നീങ്ങിത്തുടങ്ങി. മുന്നിലും പിന്നിലുമായി ഒന്നിലേറെ പോലീസ് വാഹനങ്ങളുടെ അകമ്പടിയോടെ ഹുസൂറിന്റെ താമസസ്ഥലമായ എം.എ. വില്ലയിലേക്കു നീങ്ങി.

25-നു ചൊവ്വാഴ്ച രാവിലെ 10 മണിക്കാണ് ബയ്ത്തുൽ ഖുദ്ദൂസിൽ സ്വീകരണമൊരുക്കിയിരുന്നത്. കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ പള്ളി അങ്കണത്തിലേക്ക് രാവിലെ 7 മണി മുതൽ തന്നെ അഹ്മദികൾ പ്രവേശനം ആരംഭിച്ചിരുന്നു. പള്ളിക്കകം സ്ത്രീകൾക്കും തൊട്ടടുത്തായുള്ള വിശാലമായ മറ്റൊരു സ്ഥലം പുരുഷന്മാർക്കുമായാണ് ക്രമീകരിച്ചിരുന്നത്. ഈ സ്വകാര്യസ്ഥലമാകട്ടെ അഹ്മദികളുടേതുതന്നെയാണ്. സുരക്ഷാക്രമീകരണത്തിന്റെ ഭാഗമായി മുഴുവൻ അഹ്മദികൾക്കും നേരത്തേതന്നെ തിരിച്ചറിയൽ കാർഡുകൾ നൽകപ്പെട്ടിരുന്നു. 10 മണിയോടെതന്നെ മാധ്യമപ്രവർത്തകർ എത്തിച്ചേർന്നു. 11 മണിക്ക് അമീറുൽ മുഅ്മിനീൻ ബയ്ത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ പ്രവേശിച്ചു. അതൊരു സവിശേഷവും

ഹൃദയസ്പൃക്കുമായ സംഭവമായിരുന്നു. അഹ്മദിയ്യാ ബാലസംഘമായ അത്ഫാലുൽ അഹ്മദിയ്യാ ഗായക സംഘം ഗാനങ്ങൾ ആലപിച്ചും വർണ്ണക്കൊടികൾ വീശിയും അമീറുൽ മുഅ്മിനീനെ ആവേശപൂർവ്വം വരവേറ്റു. ഖലീഫയുടെ ചരിത്രപരമായ സന്ദർശനം രേഖപ്പെടുത്തിയ ശിലാഫലകം പള്ളിയുടെ മുൻവശത്ത് സ്ഥാപിക്കപ്പെട്ടിരുന്നു. തിരുമനസ്സുകൊണ്ട് അത് അനാഛാദനം ചെയ്തതിനുശേഷം സ്റ്റേജിലേക്കു നീങ്ങി. നാസിർ അഅ്ലാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റേയും മറ്റു നാസിർമാരുടേയും ഒപ്പം നീങ്ങിയ തങ്ങളുടെ പ്രിയപ്പെട്ട ആത്മീയ നേതാവിനെ ദർശിച്ചമാത്രയിൽ അഹ്മദികളുടെ കണ്ഠങ്ങളിൽനിന്ന് തക്ബീർ ധ്വനികളുയർന്നു. മാധ്യമഫോട്ടോഗ്രാഫർമാരുടെ ക്യാമറകൾ മിന്നിക്കൊണ്ടിരുന്നു. അമീറുൽ മുഅ്മിനീൻ സ്റ്റേജിൽ ഉപവിഷ്ഠനായ ഉടനെ ഏതാനും ഖാദിംകൾ അറബി, ഉർദു, മലയാളം ഭാഷകളിലുള്ള വിവിധ ഗാനങ്ങൾ ആലപിച്ചു. തുടർന്ന് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) തിങ്ങിനിറഞ്ഞ സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് സംസാരിച്ചു. ഖലീഫത്തുൽ മസീഹ് തിരുമനസ്സുകൊണ്ട് ഇങ്ങനെ പറഞ്ഞു:

“ഞാൻ നിങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നതിനാണ് എത്തിച്ചേർന്നിട്ടുള്ളത്. വെള്ളിയാഴ്ചത്തെ ഖുത്ബയിൽ എനിക്ക് പറയാനുള്ള കാര്യങ്ങൾ ഞാൻ പറയുന്നതാണ്. പക്ഷേ, നിങ്ങളുടെ മുഖങ്ങൾ കാണുമ്പോൾ ഇപ്പോൾ ഞാനെന്തെങ്കിലും പറയണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. വാഗ്ദത്ത മസീഹ്(അ)നെ സ്വീകരിക്കാനുള്ള ഭാഗ്യം സിദ്ധിച്ച നിങ്ങളുടെ മുഖങ്ങളിൽ അഹ്മദിയ്യത്തിന്റെ ചൂട് ഞാൻ കാണുന്നു. നിങ്ങളുടെ പൂർവ്വീകർ ചെയ്ത നന്മകൾ നിലനിർത്തിക്കൊണ്ട് നിങ്ങൾ ജീവിതം മുന്നോട്ടു കൊണ്ടുപോവുക. അതിലൂടെ മാത്രമേ ലോകത്ത് സമാധാനം സ്ഥാപിക്കാനാവുകയുള്ളൂ.....” മൗലവി എം. നാസിർ അഹ്മദ് സാഹിബ് പ്രഭാഷണം മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

നേരത്തേ തയ്യാറാക്കിയ പരിപാടിയുടെ ഭാഗമായി തുടർന്ന് ഊഴമനുസരിച്ച് മലപ്പുറം മേഖലയിലെ അഹ്മദികളുമായുള്ള കൂടിക്കാഴ്ചയാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അതിന്നായി അമീറുൽ മുഅ്മിനീൻ വേദി വിട്ടിറങ്ങുകയും പള്ളിക്കകത്ത് തയ്യാറാക്കിയ പ്രത്യേക മുറിയിൽ പ്രവേശിക്കുകയും ചെയ്തു. ഇതിനിടയിൽ പള്ളിക്കകത്തുള്ള സ്ത്രീകൾ പുറത്തിറങ്ങി സമീപത്തെ മൈതാനിയിലേക്ക് നീങ്ങാനാരംഭിച്ചിരുന്നു. പുരുഷന്മാർ മൈതാനം വിട്ടുപോവുകയും ചെയ്തു. ഒരു മണിവരെ മലപ്പുറം മേഖലയിലെ അഹ്മദികളുമായുള്ള കൂടിക്കാഴ്ച നടന്നു.തുടർന്ന് അമീറുൽ മുഅ്മിനീന്റെ നേതൃത്വത്തിൽ ളുഹർ, അസർ നമസ്കാരങ്ങൾ അനുഷ്ഠിക്കപ്പെട്ടു. നമസ്കാരത്തിനുശേഷം ഖലീഫ തിരുമനസ്സിനെ സ്വീകരിക്കാനും ദർശിക്കാനുമായി ക്ഷമയോടെ കാത്തിരുന്ന സ്ത്രീജനങ്ങളുടെ ഭാഗത്തേക്ക് അദ്ദേഹം എത്തിച്ചേർന്നു. തക്ബീർ ധ്വനികളോടെയും ഇസ്‌ലാമിക ഗാനങ്ങളോടെയും അവർ തങ്ങളുടെ അഭിവന്ദ്യനായ നേതാവിനെ സ്വീകരിക്കുകയുണ്ടായി. ലജ്ന ഇമായില്ലാഹ് സംസ്ഥാന സദർ ബി. താഹിറ സാഹിബ സ്വീകരണങ്ങൾക്ക് നേതൃത്വം നല്കി. തുടർന്ന് അമീറുൽ മുഅ്മിനീൻ ലജ്ന-നാസിറാത്തംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:

“നിങ്ങളോട് സലാം പറയാൻ മാത്രമാണ് ഞാനിപ്പോൾ ഇവിടെ വന്നിട്ടുള്ളത്. കൂടുതൽ കാര്യങ്ങൾ നാളത്തെ ലജ്ന യോഗത്തിൽ പറയുന്നതാണ്.” ഉർദുവിലുള്ള അദ്ദേഹത്തിന്റെ വാക്കുകൾ നാസിറാത്ത് സംസ്ഥാന സെക്രട്ടറി ജുവൈരിയ ഗൗഹർ ശംസ് സാഹിബ പരിഭാഷപ്പെടുത്തി. തുടർന്ന് ഭക്ഷണത്തിനും വിശ്രമത്തിനുമായി അമീറുൽ മുഅ്മിനീനും പരിവാരങ്ങളും താമസസ്ഥലത്തേക്ക് യാത്രതിരിച്ചു.

വൈകുന്നേരം 5 മണി മുതൽ കണ്ണൂർ മേഖലയിലെ അഹ്മദികളുമായുള്ള കൂടിക്കാഴ്ചയാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. അതിന്നായി അമീറുൽ മുഅ്മിനീൻ പള്ളിയിലെത്തിച്ചേർന്നു. ഏഴരയോടെ കൂടിക്കാഴ്ച പൂർത്തിയായി. തുടർന്ന് മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങൾക്കുശേഷം ഹുസൂർ തിരുമനസ്സ് താമസസ്ഥലമായ എം.എ. വില്ലയിലേക്കു നീങ്ങി.

26-ന് രാവിലെ കേരള സംസ്ഥാന ലജ്ന ഇമായില്ലായും നാസിറാത്തും ചേർന്ന് സംഘടിപ്പിക്കുന്ന സംയുക്ത തർബിയ്യത്ത് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി 10 മണിയോടെ അമീറുൽ മുഅ്മിനീൻ ബയ്ത്തുൽ ഖുദ്ദൂസിൽ എത്തിച്ചേർന്നു. ലജ്ന സംസ്ഥാന സദർ ബി. താഹിറ സാഹിബ, നാഇബ് സദർ സൈനബി മസൂദ് സാഹിബ, നാസിറാത്ത് സംസ്ഥാന സെക്രട്ടറി ജുവൈരിയ ഗൗഹർ ശംസ് സാഹിബ, കോഴിക്കോട് ലജ്ന സദർ നാസിറ ജബ്ബാർ സാഹിബ, വിവിധ മേഖലാ സെക്രട്ടറിമാർ എന്നിവർ ചേർന്ന് അദ്ദേഹത്തെ വേദിയിലേക്കാനയിച്ചു. ലജ്ന-നാസിറാത്തംഗങ്ങൾ ഇസ്‌ലാമിക ഗാനങ്ങൾ ആലപിച്ചും വർണ്ണക്കൊടികൾ വീശിയും ആവേശപൂർവ്വം ഹുസൂറിനെ സ്വീകരിച്ചു.

താഹിറ സിദ്ദീഖ സാഹിബയുടെ ഖുർആൻ പാരായണത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. അതിന്റെ മലയാള പരിഭാഷ താഹിറ അഞ്ചും സാഹിബയും ഉർദു പരിഭാഷ ജുവൈരിയ ഗൗഹർ ശംസ് സാഹിബയും കേൾപ്പിച്ചു. തുടർന്ന് കരുനാഗപ്പള്ളി ജമാഅത്ത് മലയാളത്തിലുള്ള സ്വാഗതഗാനം ആലപിച്ചു. ഇതിന്റെ ഉർദു തർജ്ജമ ഹൈമ അബ്ദുൽ വാഹിദ് അവതരിപ്പിച്ചു. തുടർന്ന് അമീറുൽ മുഅ്മിനീൻ അഹ്മദി വനിതകളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി.

“സ്വന്തം വിശ്വാസം സംരക്ഷിക്കുന്നതിനായി സകലവിധ ത്യാഗങ്ങൾക്കും സന്നദ്ധരാണെന്ന് പ്രതിജ്ഞ

ചെയ്തവരാണ് അഹ്മദി സ്ത്രീകൾ. ഇതുപോലെ നാസിറാത്തംഗങ്ങൾക്കും അല്ലാഹുവിന്റെ മതം പ്രചരിപ്പിക്കുന്നതിൽ തങ്ങളുടേതായ പങ്ക് വഹിക്കാനുണ്ട്. കാലത്തിന്റെ ഖലീഫ കൈക്കൊള്ളുന്ന എല്ലാ തീരുമാനങ്ങളും നടപ്പിൽ വരുത്താൻ മുഴുവൻ അഹ്മദികളും ബാധ്യസ്ഥരാണ്. നബിതിരുമേനി(സ) ബയ്അത്തിന് മൂന്ന് നിബന്ധനകൾ വെച്ചിട്ടുണ്ട്. അതിലൊന്ന് അല്ലാഹുവിന് പങ്കുകാരെ ചേർക്കാതിരിക്കലാണ്. രണ്ടാമത്തേത് തങ്ങളുടെ കുട്ടികളെ സംരക്ഷിക്കലും മൂന്നാമത്തേത് തീരുമാനങ്ങൾ അനുസരിക്കലുമാണ്. വാഗ്ദത്ത മസീഹ്(അ)ഉം ഇതേറ്റുപറഞ്ഞിട്ടുണ്ട്. ഒന്നാമത്തെ നിബന്ധന പാലിക്കുന്നതിന് പ്രാർത്ഥനയോടെ ദൈവത്തിലേക്കുതന്നെ തിരിയുകയാണാവശ്യം. ഇതു ചെയ്താൽ കുട്ടികളെ സംരക്ഷിക്കുക എന്ന രണ്ടാമത്തെ നിബന്ധന പാലിക്കാനാകും. ശാരീരിക സംരക്ഷണം മാത്രമല്ല കുട്ടികൾക്ക് നൽകേണ്ടത്. അവരെ ശരിയായ പാതയിലേക്കു നയിക്കുകയും വേണം.

“ഇസ്ലാമിക ചരിത്രത്തിലും അഹ്മദിയ്യാ ചരിത്രത്തിലും ത്യാഗങ്ങളിൽ വളരെ മുന്നേറിയ സ്ത്രീകളെ നമുക്ക് കാണാവുന്നതാണ്. കേരളത്തിലെ ലജ്നകളും നിരവധി ത്യാഗങ്ങൾ വരിച്ചവരാണ്. അവരിൽ പലരും തങ്ങളുടെ മക്കളെ വഖ്ഫെനൗ പദ്ധതിയിൽ ചേർത്തിട്ടുമുണ്ട്. ഇത്തരത്തിൽ മക്കളെ ജമാഅത്തിന് നല്കിയതുകൊണ്ടുമാത്രം കടമകൾ പൂർത്തിയായതായി കരുതരുത്. അവരെ ഇസ്ലാമിന്റെ സേവകരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും തങ്ങളുടെ കടമയാണെന്ന് മനസ്സിലാക്കണം. നൂറുശതമാനം സാക്ഷരത നേടിയ നാടാണ് കേരളം. എന്നാൽ ഭൗതിക വിദ്യാഭ്യാസം മാത്രം പോരാ എന്ന് സ്ത്രീകൾ മനസ്സിലാക്കണം. തങ്ങളുടെ മക്കൾക്ക് ഇസ്ലാമിന്റേയും ഖുർആന്റേയും പാഠങ്ങൾ പഠിപ്പിച്ചുകൊടുക്കാനും അവർ തയ്യാറാകണം.....” മൗലവി എം. നാസിർ അഹ്മദ് സാഹിബ് പ്രഭാഷണം പരിഭാഷപ്പെടുത്തി. സംസ്ഥാന ലജ്ന ഇമായില്ലാഹ് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ സമ്മേളനവേദിയിൽ അമീറുൽ മുഅ്മിനീൻ വിതരണം ചെയ്തു. 11.30ന് സമ്മേളനം സമാപിച്ചു.

തുടർന്ന് കോഴിക്കോട് മേഖലയിലെ അഹ്മദികളുമായുള്ള കൂടിക്കാഴ്ച നടത്തപ്പെട്ടു. ളുഹർ, അസർ നമസ്കാരങ്ങൾക്കുശേഷം അമീറുൽ മുഅ്മിനീൻ താമസസ്ഥലമായ എം.എ. വില്ലയിലേക്കു തിരിച്ചു.

27-ന് പകൽ പ്രത്യേക പരിപാടികൾ ഒന്നുമുണ്ടായിരുന്നില്ല. വൈകീട്ട് 7.30ന് അമീറുൽ മുഅ്മിനീന്റെ ബഹുമാനാർത്ഥം ഒരു വിരുന്ന് സംഘടിപ്പിച്ചിരുന്നു. ഹോട്ടൽ ഗേറ്റ്‌വെ (താജ്)യിൽ സംഘടിപ്പിക്കപ്പെട്ട ഈ പരിപാടിയിലേക്ക് നഗരത്തിലെ പ്രമുഖ വ്യക്തികളെ ക്ഷണിച്ചിരുന്നു. അതിൽ പങ്കെടുക്കുന്നതിന്നായി അമീറുൽ മുഅ്മിനീൻ ആദ്യം ബയ്ത്തുൽ ഖുദ്ദൂസിലെത്തി മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങൾ അനുഷ്ഠിച്ചതിനുശേഷം താജിൽ എത്തിച്ചേർന്നു. സ്റ്റേജിൽ അമീറുൽ മുഅ്മിനീന് പുറമെ കോഴിക്കോട് മേയർ ശ്രീ. എം. ഭാസ്കരൻ, പ്രമുഖ ചരിത്രകാരനായ ശ്രീ. എം.ജി.എസ് നാരായണൻ, കണ്ണൂർ സർവ്വകലാശാല പ്രൊ.വൈസ്ചാൻസലർ പ്രൊഫ. കുഞ്ഞികൃഷ്ണൻ, നാസിർ അഅ്ലാ മുഹമ്മദ് ഇനാം ഗോറി സാഹിബ്, ഇന്ത്യ ഡെസ്ക് ചെയർമാൻ ഫാത്തിഹ് അഹ്മദ് സാഹിബ് എന്നിവരും ഉണ്ടായിരുന്നു. മേയർ തന്റെ ഹ്രസ്വഭാഷണത്തിലൂടെ ഖലീഫത്തുൽ മസീഹിനെ കോഴിക്കോട് നഗരത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് സംസാരിച്ചു. ഹാഫിസ് അബുൽ വഫാ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച ചടങ്ങിന് കോഴിക്കോട് ജമാഅത്ത് അമീർ കെ.എം. അഹ്മദ് സാഹിബ് സ്വാഗതം പറഞ്ഞു. ചടങ്ങിൽ പങ്കെടുത്തവർക്കായി വിരുന്നും സംഘടിപ്പിച്ചിരുന്നു. മുൻകേന്ദ്രമന്ത്രി ശ്രീ. ഒ.രാജഗോപാൽ, കോഴിക്കോട് ജില്ലാ കോൺഗ്രസ് അധ്യക്ഷൻ കെ.സി. അബു, പ്രശസ്ത എഴുത്തുകാരൻ യു.എ. ഖാദർ, മാതൃഭൂമി എഡിറ്റർ ശ്രീ. ഗോപാലകൃഷ്ണൻ, മാധ്യമം വീക്കിലി എഡിറ്റർ പി.കെ. പാറക്കടവ്, മനോരമ ന്യൂസ് എഡിറ്റർ കെ.കെ. അബൂബക്കർ, ബി.ജെ.പി. നേതാവ് ശ്രീ. ശ്രീധരൻപിള്ള, ശാസ്ത്രജ്ഞനായ ശ്രീ. സജീവ് തുടങ്ങിയ നിരവധി പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

28-ാന് വെള്ളിയാഴ്ച കേരള അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം മറ്റൊരു ചരിത്ര മുഹൂർത്തമായിരുന്നു. അന്നാണ് ഇതാദ്യമായി ഖലീഫയുടെ ഒരു ഖുത്ബാ പ്രഭാഷണം കേരളക്കരയിൽ വെച്ച് നടത്തപ്പെട്ടത്. അത് അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക ചാനലായ എം.ടി.എയിലൂടെ ലോകവ്യാപകമായി പ്രക്ഷേപണം ചെയ്യപ്പെടുകയും ചെയ്തു. ഖുത്ബയുടെ തത്സമയ മലയാള പരിഭാഷയും അങ്ങനെ കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തോടൊപ്പം കേൾപ്പിക്കപ്പെട്ടു. മലയാളഭാഷയും ആദ്യമായി എം.ടി.എയിലൂടെ ലോകമെമ്പാടുമുള്ള അഹ്മദികൾക്ക് ശ്രവിക്കാനായി. ഈ ചരിത്രപ്രസിദ്ധമായ ഖുത്ബ പ്രഭാഷണത്തിന് വേദിയാകാനുള്ള ഭാഗ്യം സിദ്ധിച്ച കോഴിക്കോട് അഹ്മദിയ്യാ പള്ളിയായ ബയ്ത്തുൽ ഖുദ്ദൂസിലേക്ക് രാവിലെ 7 മണി മുതൽ തന്നെ ജനപ്രവാഹം ആരംഭിച്ചിരുന്നു. ഖലീഫ തിരുമനസ്സിന്റെ മഹത്തായ ഖുത്ബ പ്രഭാഷണം കേൾക്കാൻ രാവിലെ മുതൽതന്നെ പള്ളിയിലെത്തിയവർ 1 മണി വരെ ക്ഷമയോടെ അവിടെ കാത്തിരുന്നു. 11 മണിയോടെതന്നെ പള്ളിയുടെ മൂന്നുനിലകളും നിറഞ്ഞു കവിഞ്ഞു. പിന്നീടെത്തിയവർക്ക് പള്ളിയുടെ പുറം വശങ്ങളിലായിരുന്നു സ്ഥാനം. തൊട്ടടുത്തുള്ള പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ആയിരക്കണക്കിന് സ്ത്രീകൾ സ്ഥാനംപിടിച്ചു. മൗലവി എം.നാസിർ അഹ്മദ് സാഹിബാണ് അമീറുൽ മുഅ്മിനീന്റെ ഖുത്ബ മലയാളത്തിലേക്ക് തത്സമയം വിവർത്തനം ചെയ്തുകേൾപ്പിച്ചത്. ഖുത്ബ പ്രഭാഷണത്തിൽ ഖലീഫ

തിരുമനസ്സ് കേരളത്തിലെ അഹ്മദികളുടെ വിശ്വാസത്തേയും ത്യാഗസന്നദ്ധതയേയും പ്രശംസിച്ചു.

**അമീറുൽ മുഅ്മിനീൻ എറണാകുളത്ത്**

28-ന് വൈകുന്നേരം 7 മണിയോടെ അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചിനഗരം ഇതാദ്യമായി അമീറുൽ മുഅ്മിനീന്റെ പവിത്രമായ പാദസ്പർശത്താൽ അനുഗൃഹീതമായി. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ സ്വീകരിക്കുന്നതിന് ദക്ഷിണകേരളത്തിലെ ആബാലവൃന്ദം അഹ്മദികളും എത്തിച്ചേർന്നു. നിരവധി കാറുകളുടേയും ബൈക്കുകളുടേയും അകമ്പടിയോടെ അദ്ദേഹത്തെ താമസ സ്ഥലമായ ഹോട്ടൽ താജിലേക്ക് ആനയിച്ചു. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, തിരുവനന്തപുരം മേഖലാ അമീർ പ്രൊഫ. അബ്ദുൽ ജലീൽ സാഹിബ്, എറണാകുളം മേഖലാ അൻസാറുല്ലാഹ് നാസിം ശാഹുൽ ഹമീദ് സാഹിബ് എന്നിവർ ചേർന്ന് വിമാനത്താവളത്തിൽ ഖലീഫത്തുൽ മസീഹ് തിരുമനസ്സിനെ സ്വീകരിച്ചു. അമീറുൽ മുഅ്മിനീന്റെ സഹധർമ്മിണിയെ സ്വീകരിക്കാൻ ലജ്ന സംസ്ഥാന നാഇബ് സദർ സൈനബി മസൂദ് സാഹിബയുടെ നേതൃത്വത്തിലുള്ള സംഘവും എത്തിച്ചേർന്നിരുന്നു.

29-ന് രാവിലെ അമീറുൽ മുഅ്മിനീൻ, പുതുതായി പണിത എറണാകുളം താഹിർ മസ്ജിദിൽ എത്തിച്ചേർന്നു. നിരവധി ക്രിസ്തീയ സഹോദരന്മാർ താമസിക്കുന്ന ഒരു പ്രദേശത്താണ് പള്ളി സ്ഥിതി ചെയ്യുന്നത്. പരിസരവാസികൾ വളരെ ആദരവാണ് അദ്ദേഹത്തിന് നല്കിയത്. താഹിർ മസ്ജിദിന്റേയും സമീപപ്രദേശങ്ങളിലുള്ള മറ്റു നാല് മസ്ജിദുകളുടേയും ഉദ്ഘാടനവും ഖലീഫ തിരുമനസ്സിന്റെ സന്ദർശന പരിപാടികളിൽ പെടുന്നു. പള്ളിയങ്കണത്തിൽ എത്തിച്ചേർന്ന ഖലീഫത്തുൽ മസീഹിനെ ഇസ്‌ലാമിക ഗാനങ്ങൾ ആലപിച്ചും തക്ബീർ ധ്വനികളാൽ മുഖരിതമായ അന്തരീക്ഷത്തിലും ജമാഅത്തംഗങ്ങൾ സ്വീകരിച്ചു. താഹിർ മസ്ജിദിൽ സ്ഥാപിച്ച ശിലാഫലകം അനാച്ഛാദനം നടത്തിയശേഷം അമീറുൽ മുഅ്മിനീൻ പള്ളിയിൽ പ്രവേശിച്ചു. തുടർന്ന് ഉദ്ഘാടനച്ചടങ്ങ് ആരംഭിക്കുകയുണ്ടായി.

മൗലവി അൻസാർ മഹ്ദി സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ഉദ്ഘാടനച്ചടങ്ങ് ആരംഭിച്ചത്. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് സ്വാഗതം പറഞ്ഞു. തുടർന്ന് ഉദ്ഘാടനം നടത്തിക്കൊണ്ട് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹു) ഇങ്ങനെ പറഞ്ഞു.

“അഹ്മദികൾ പള്ളി നിർമ്മാണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരാണ്. പള്ളികൾ നിർമ്മിക്കുന്നതോടെ ഉത്തരവാദിത്വങ്ങളും വർദ്ധിക്കുകയാണ്. പള്ളി നിർമ്മാണത്തിന്റെ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കലാണ്. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുമ്പോഴാണ് ആരാധന പൂർണ്ണമാകുന്നത്. ഇന്നത്തെ ഭൂരിപക്ഷ മുസ്‌ലിംകൾ നബി (സ) തിരുമേനി കൊണ്ടുവന്ന മതം മറന്നിരിക്കുന്നു. എന്നാൽ, കാലത്തിന്റെ ഇമാം ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ലൂടെ അഹ്മദികൾക്ക് അത് വീണ്ടും ലഭ്യമായി. പള്ളികൾ കാണുമ്പോൾ ആരാധനയും സമസൃഷ്ടികളോടുള്ള അനുകമ്പയും മനസ്സിലുയരണം. അഞ്ചുനേരങ്ങളിലും പള്ളിയിൽ വന്ന് നമസ്കരിക്കുമ്പോഴാണ് പള്ളിയോടുള്ള കടമകൾ നിറവേറ്റപ്പെടുന്നത്....അല്ലാഹുവിന്റെ ഏകത്വം ഭൂമിയിൽ സ്ഥാപിക്കുന്നതിന്നായാണ് അവൻ നബി(സ) തിരുമേനിയെ അയച്ചത്. അതിന്നായിതന്നെ വാഗ്ദത്ത മസീഹിനേയും അവൻ നിയോഗിച്ചു. വിശുദ്ധഖുർആന്റേയും നബി തിരുമേനിയുടേയും മാതൃകയനുസരിച്ച് ജീവിക്കുക. അപ്പോഴാണ് ഇസ്‌ലാമിനെ മറ്റുള്ളവരിൽ പ്രചരിപ്പിക്കാൻ നമുക്കാവുന്നത്......” അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പരിഭാഷപ്പെടുത്തി.

തുടർന്ന് എറണാകുളം, പാലക്കാട്, തിരുവനന്തപുരം മേഖലകളിലെ അഹ്മദികളുമായുള്ള കൂടിക്കാഴ്ച നടന്നു. ളുഹർ, അസർ നമസ്കാരങ്ങൾക്കുശേഷം അമീറുൽ മുഅ്മിനീൻ താമസസ്ഥലത്തേക്കു തിരിച്ചു.

30-ന് വൈകുന്നേരം 8 മണിക്ക് അമീറുൽ മുഅ്മിനീന്റെ ബഹുമാനാർത്ഥം താജ് ഹോട്ടലിൽ ഒരു സ്വീകരണം നല്കുകയുണ്ടായി. വേദിയിൽ അമീറുൽ മുഅ്മിനീനു പുറമെ എറണാകുളം എം.പി. ശ്രീ. സെബാസ്റ്റ്യൻപോൾ, പ്രശസ്ത എഴുത്തുകാരൻ പ്രൊഫ. എം.കെ. സാനു, ജസ്റ്റിസ് ശംസുദ്ദീൻ എന്നിവരും സന്നിഹിതരായിരുന്നു. സ്വീകരണചടങ്ങിലും വിരുന്നിലും സമൂഹത്തിന്റെ വിവിധ മേഖലകളിൽപെട്ട പ്രമുഖ വ്യക്തികൾ പങ്കെടുത്തു. എം.എൽ.എമാരായ ശ്രീ. എം.കെ. പ്രേംനാഥ് (വടകര), ശ്രീ. കെ.വി. തോമസ് (എറണാകുളം), എഴുത്തുകാരനായ ശ്രീ. സി.ആർ. നീലകണ്ഠൻ, പ്രമുഖ അഭിഭാഷകനും സാമൂഹ്യപ്രവർത്തകനുമായ അഡ്വ. കാളീശ്വരം രാജ്, ദേശീയ ന്യൂനപക്ഷ കമ്മീഷനംഗം ശ്രീ. അനിൽ സേവ്യർ, ശില്പി ശ്രീ. കലാധരൻ, സാഹിത്യകാരി ശ്രീമതി വി.എം. ഗിരിജ, സാഹിത്യപരിഷത്ത് സെക്രട്ടറി ശ്രീ. എം.വി. ബെന്നി തുടങ്ങിയവർ പങ്കെടുത്തു.

1-ന് വൈകീട്ട് കേരള സന്ദർശനം പൂർത്തിയാക്കി അമീറുൽ മുഅ്മിനീൻ ഡൽഹിയിലേക്ക് യാത്രതിരിച്ചു. വിമാനത്താവളത്തിൽ സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകാൻ മുഴുവൻ അഹ്മദികളും എത്തിച്ചേർന്നിരുന്നു.

എറണാകുളത്തെ പരിപാടികൾക്കിടയിൽ വഖ്ഫെ നൗ കുട്ടികളുടെ യോഗവും അമീർമാരുമായുള്ള കൂടിക്കാഴ്ചയും നടത്തപ്പെടുകയുണ്ടായി.

അമീറുൽ മുഅ്മിനീന്റെ വരവുമായി ബന്ധപ്പെട്ട് കോഴിക്കോടും എറണാകുളത്തും വൻസുരക്ഷാ ക്രമീകരണങ്ങൾ നടത്തുകയുണ്ടായി. സുരക്ഷാ പരിശോ

ധന കർശനമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജമാഅത്തംഗങ്ങൾക്കും ജമാഅത്ത് പ്രസിഡണ്ടുമാർ മുഖേന തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിരുന്നു. സംസ്ഥാന മജ്‌ലിസ് അൻസാറുല്ലായാണ് ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചത്. അൻസാറുല്ലാ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, ഡോ. മുസഫർ അഹ്‌മദ് സാഹിബ്, അഡ്വ. ജമീൽ അഹ്‌മദ് സാഹിബ് എന്നിവർ ഇതിനു നേതൃത്വം നൽകി. ഓരോ അംഗത്തേയും ദേഹപരിശോധനക്ക് വിധേയമാക്കിയാണ് പള്ളിക്കകത്തേക്ക് കടത്തിവിട്ടത്. ഇത്തരത്തിൽ കർശന സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശം നേരത്തേതന്നെ ലഭ്യമായിരുന്നു. അമീറുൽ മുഅമിനീന്റെ വരവിനു മുമ്പ് കേരളത്തിൽ നിലനിന്നിരുന്ന കലുഷിതമായ അന്തരീക്ഷമാണ് ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ നല്കുന്നതിന് ഖലീഫയുടെ സുരക്ഷാ ഉദ്യോഗസ്ഥരേയും ഖാദിയാനേയും നിർബന്ധിതരാക്കിയത്.

ഖിലാഫത്ത് ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് കേരളത്തിലെ വിവിധ ജമാഅത്തുകൾ വിപുലമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇത് സൃഷ്ടിച്ച ജമാഅത്തനുകൂല തരംഗം ശത്രുക്കളെ പരിഭ്രാന്തരാക്കുകയും അവർ പലയിടങ്ങളിലും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയുമുണ്ടായി. കണ്ണൂർ സിറ്റിയിൽ പൊതുയോഗം കൈയേറി അലങ്കോലപ്പെടുത്താനും പ്രചാരണ ബോർഡുകൾ വ്യാപകമായ തോതിൽ നശിപ്പിക്കാനും പോലും അവർ തയ്യാറായി. ഇതര ജമാഅത്തിന്റെ മേഖലകളിലും സമാനസംഭവങ്ങൾ ആവർത്തിക്കപ്പെട്ടു. സിറ്റി ജമാഅത്തിന്റെ കൈവശമുള്ള സ്ഥലത്തുനിന്നും ബോംബുകൾ കണ്ടെത്തുന്ന അവസ്ഥവരെ ഉണ്ടായി.

ഇത്തരം റിപ്പോർട്ടുകളാണ് ഹുസൂറിന്റെ സുരക്ഷാ ടീമിനും ഖാദിയാനും ലഭിച്ചുകൊണ്ടിരുന്നത്. ഈ സാഹചര്യമാണ് സുരക്ഷ കർശനമാക്കാനുള്ള നിർദ്ദേശം നല്കാൻ ഇടയാക്കിയത്. അമീറുൽ മുഅ്മിനീനെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ അധികമാളുകൾ പോകുന്നതുപോലും അതിനാൽ വിലക്കപ്പെട്ടു. ഹുസൂർ കേരളത്തിൽ എത്തിയതിനുശേഷമാണ് ഈ വിലക്കുകളിൽ അയവ് വരുത്തിയത്.

ഖുദ്ദാമുൽ അഹ്‌മദിയ്യാ, അഖിലേന്ത്യാ നാഇബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബ്, ഇലാഖ ഖാഇദുമാരായ പി. ശഫി അഹ്‌മദ് സാഹിബ്, ഇ.എച്ച്. നജീബ് സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ വളണ്ടിയർമാർ സേവനനിരതരായി ഖാദിമീങ്ങളോടൊപ്പം അൻസാർ സഹോദരങ്ങളും പങ്കുകൊണ്ടു. കോഴിക്കോട്, മലപ്പുറം മേഖലകളിലെ ഖാദിമീങ്ങളുടെ സേവനം എടുത്തുപറയത്തക്കതാണ്. എറണാകുളം, തിരുവനന്തപുരം മേഖലകളിലെ ഖാദിംകൾ കോഴിക്കോട് എത്തിച്ചേർന്ന് സേവനനിരതരായത് പ്രത്യേകം പ്രസ്താവ്യമാണ്.

21-ാം തിയ്യതി വെള്ളിയാഴ്ച മുതൽതന്നെ അതിഥികൾക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ആരംഭിച്ചിരുന്നു. അതിഥികൾക്കായി രാവും പകലും പ്രവർത്തിക്കുന്ന ലങ്കർഖാന എന്ന വാഗ്ദത്ത മസീഹ്(അ)ന്റെ ആശയം ഇവിടെയും പ്രശംസനീയമായ രീതിയിൽ നടപ്പിലാക്കപ്പെട്ടു. കോഴിക്കോടും എറണാകുളത്തും എത്തിച്ചേർന്ന മുഴുവൻ അംഗങ്ങൾക്കും മൂന്നുനേരവും ഭക്ഷണം നൽകാനുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു. പി.പി. നാസിറുദ്ദീൻ സാഹിബായിരുന്നു ഭക്ഷണകമ്മറ്റി ചെയർമാൻ. കണ്ണൂർ ടൗൺ ജമാഅത്തിലെ അബ്ദുൽ ഗഫൂർ സാഹിബിന്റേയും പി. ഉമ്മർ സാഹിബിന്റെയും നേതൃത്വത്തിലുള്ള പ്രവർത്തകരാണ് കോഴിക്കോട് ഇതിനായി അക്ഷീണം യത്നിച്ചത്. ഇവരോടൊപ്പം കോഴിക്കോട് ജമാഅത്തിലെ പി.വി. സുലൈമാൻ സാഹിബ്, എം.പി. നൗഷാദ് സാഹിബ്, എസ്.വി. മുഹമ്മദ് അശ്റഫ് സാഹിബ്, അബ്ദുൽ മനാഫ് സാഹിബ്, വി.പി. നജീബ് സാഹിബ്, ശർജഹാസ് സാഹിബ് എന്നിവരും ഏറെ വിയർപ്പൊഴുക്കുകയുണ്ടായി. ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമുള്ള വെള്ളം എത്തിക്കുന്നതിന് എം.പി. റസാക്ക് സാഹിബ്, സി.സി. മൻസൂർ സാഹിബ്, എം.കെ. ജലീൽ സാഹിബ്, അബ്ദുസ്സലാം സാഹിബ് എന്നിവരാണ് ശ്രമദാനം നടത്തിയത്.

എറണാകുളത്തും ജമാഅത്തംഗങ്ങൾക്കുവേണ്ടി ഭക്ഷണത്തിനുള്ള വിപുലമായ ഏർപ്പാടുകളൊരുക്കിയിരുന്നു. ഭക്ഷണം ഒരുക്കുന്നതിന്റെ ചുമതല എറണാകുളം മേഖലാ അൻസാറുല്ലാ നാസിം ശാഹുൽ ഹമീദ് സാഹിബിനായിരുന്നു. ഭക്ഷണം തയ്യാറാക്കുന്നതിൽ മുഹമ്മദ് സലീം സാഹിബ്, അബ്ദുർറഹീം സാഹിബ്, അബ്ദു സാഹിബ്, നിസാർ സാഹിബ്, ശൗക്കത്ത് സാഹിബ്, ഫിറോസ് സാഹിബ് എന്നിവർ അർപ്പിച്ച സേവനങ്ങൾ സ്മരണീയമാണ്. ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബിന്റെ നേതൃത്വത്തിലുള്ള ഖാദിംകൾ പ്രശംസനീയമായ സേവനമാണ് കാഴ്ചവെച്ചത്.

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ താജ് ഹോട്ടലിൽ വെച്ചുനടത്തിയ പ്രത്യേക സ്വീകരണ പരിപാടികളിലേക്ക് അതിഥികളെ ക്ഷണിക്കുന്നതിന്റെ ചുമതല പ്രൊഫ. മഹ്മൂദഹ്‌മദ് സാഹിബിനും യു. മൻസൂർ അഹ്‌മദ് സാഹിബിനുമായിരുന്നു.

**വാർത്തകൾ പത്രമാധ്യമങ്ങളിൽ**

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹുല്ലാഹ്)ന്റെ കേരള സന്ദർശനം ഇവിടത്തെ പത്രമാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് പ്രസിദ്ധീകരിച്ചത്. എല്ലാ പത്രങ്ങളും സ്വീകരണചടങ്ങുകളുടേയും മറ്റും വാർത്തകൾ പ്രസിദ്ധപ്പെടുത്തി. കോഴിക്കോട് വെച്ച് മാതൃഭൂമി ദിനപത്രത്തിന്റെ എഡിറ്ററും, എറണാകുളത്ത് ഇംഗ്ലീഷ് പത്രങ്ങളായ 'ദ ഹിന്ദു', 'ന്യൂ ഇന്ത്യൻ എക്സ്പ്രസ്' എന്നിവയുടെ പ്രതിനിധികളും ഹുസൂർ തിരുമനസ്സിനെ ഇന്റർവ്യൂ നടത്തുകയും അത് വൻപ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ●